# കമ്മ്യൂണിസ്റ്റ് പാർടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്)

## കേരള സംസ്ഥാന സമ്മേളനം

## 2018 ഫെബ്രുവരി 22 മുതൽ 25 വരെ

## സ: വി.വി.ദക്ഷിണാമൂർത്തി നഗർ, തൃശ്ശൂർ

---

**(പ്രസിദ്ധീകരണത്തിന്)** **24.02.2018**

**(സംസ്ഥാന സമ്മേളനം അംഗീകരിച്ച പ്രമേയം)**

# സ്ത്രീകളുടെ സ്വാതന്ത്ര്യവും അവകാശങ്ങളും സംരക്ഷിക്കുക

ജനസംഖ്യയിൽ പകുതി വരുന്ന ഇന്ത്യയിലെ സ്ത്രീകളുടെ ജീവിതം പണ്ടെന്നെത്തേക്കാളും ഏറെ പ്രതിസന്ധിയിൽ അകപ്പെട്ടിരിക്കുകയാണ്. കഴിഞ്ഞ കാൽനൂറ്റാണ്ടായി നടപ്പിലാക്കി വരുന്ന നവ ഉദാരവത്കരണ നയങ്ങൾ സ്ത്രീകളുടെ പദവി കൂടുതൽ ഇടിച്ചു താഴ്ത്തിയിരിക്കുന്നു. ഉദാരവത്കരണ കാലത്തിന്റെ എല്ലാ ദൂഷ്യങ്ങളും അതിന്റെ ഭാഗമായി തന്നെ വർദ്ധിച്ചു വരുന്ന അതിക്രമങ്ങളും സ്ത്രീകളുടെ സ്വച്ഛമായ ജീവിതം അസാധ്യമാക്കുന്ന വെല്ലുവിളികളാണ്. നരേന്ദ്ര മോഡിയുടെ നേതൃത്വത്തിലുള്ള ബി.ജെ.പി ഭരണത്തിൻ കീഴിൽ ശക്തി പ്രാപിക്കുന്ന മത തീവ്രവാദ ശക്തികളുടെ ഇടപെടലുകളും നിയന്ത്രണങ്ങളും അക്രമണോത്സുകമായ വർഗ്ഗീയതയുടേയും ജാതീയതയുടേയും വളർച്ചയും രാജ്യത്തെ സ്ത്രീ ജീവിതത്തിനു മേൽ കടുത്ത നിയന്ത്രണങ്ങളും കയ്യേറ്റങ്ങളുമാണ് അടിച്ചേൽപ്പി ക്കുന്നത്. എല്ലാതരം വർഗ്ഗീയതകളും സ്ത്രീകളുടെ മുന്നേറ്റത്തിന് വിലങ്ങ് തടിയായി നിൽക്കുകയാണ്.

ഐക്യരാഷ്ട്ര സഭ പ്രസിദ്ധീകരിക്കുന്ന ആഗോള ലിംഗ അസമത്വ സൂചികയിൽ 159 രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യ 125 –ാം സ്ഥാനത്താണ്. ലോകത്ത് സ്ത്രീകൾ ഏറ്റവും അരക്ഷിതമായ രാജ്യങ്ങളിൽ നാലാം സ്ഥാനത്താണ് ഇന്ത്യ എന്നത് രാജ്യത്ത് ഭരണകൂടത്തിന്റെ സ്ത്രീവിരുദ്ധതയും പ്രതിലോമതയും വ്യക്തമാക്കുന്നതാണ്. ദളിത് സ്ത്രീകൾക്ക് നേരെ നടക്കുന്ന അതിക്രമങ്ങളിൽ ആശങ്കാജനകമായ വർദ്ധനവാണ് ഉണ്ടായിരിക്കുന്നത്. എന്നാൽ സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കും നേരെ നടക്കുന്ന കുറ്റകൃത്യങ്ങളിൽ നാലിലൊന്ന് കുറ്റവാളികൾ പോലും ശിക്ഷിക്കപ്പെടുന്നില്ല. നീതി ന്യായ വ്യവസ്ഥയും അന്വേഷണ സംവിധാനവും കുറ്റവാളികളെ സഹായിക്കുന്ന വിധ ത്തിലാണ് പ്രവർത്തിക്കുന്നതെന്ന് ആശങ്കപ്പെടേണ്ട സ്ഥിതിയാണ്. അതിക്രമങ്ങൾക്ക് ഇരകളാകുന്നവരുടെ പുനഃരധിവാസത്തിനായി വകയിരുത്തപ്പെട്ട പണം പോലും ചെല വഴിക്കപ്പെടുന്നില്ല. സ്ത്രീകൾ ഏറെ തൊഴിൽ ചെയ്യുന്ന ദേശീയ ഗ്രാമീണ തൊഴിലു റപ്പ് പദ്ധതിപോലും അട്ടിമറിക്കപ്പെടുകയാണ്. സ്ത്രീകളുടെ സ്വയംനിർണ്ണയ അവകാശ ങ്ങളെ തകർക്കുന്ന ജാതി പഞ്ചായത്തുകൾ ഉൾപ്പെടെയുള്ള ഫ്യൂഡൽ രൂപങ്ങളെ ശക്തിപ്പെടുത്തുന്ന പ്രവണതയും വ്യാപിച്ചു വരികയാണ്. ഇത്തരത്തിലുള്ള ഭൂരിപക്ഷം കേസുകളും നിയമ വ്യവസ്ഥയുടെ പരിഗണനയ്ക്ക് വരുന്നതേയില്ല എന്നതാണ് രാജ്യത്തെ ഒട്ടുമിക്ക പ്രദേശങ്ങളിലേയും സ്ഥിതി.

ഈയടുത്ത് പ്രസിദ്ധീകരിച്ച നീതി ആയോഗ് റിപ്പോർട്ട് സൂചിപ്പിക്കുന്നത് രാജ്യത്തെ വലിയ 21 സംസ്ഥാനങ്ങളിൽ 17 എണ്ണത്തിലും ജനനത്തിലെ ലിംഗാനുപാതം വീണ്ടും കുറയുന്നു എന്നാണ്. ഇതിൽ ഏറ്റവും കുറവ് വന്നിരിക്കുന്നത് വികസനത്തിന്റെ തലസ്ഥാനമായി ബി.ജെ.പി കൃത്രിമമായി ഉയർത്തിക്കാട്ടുന്ന ഗുജറാത്തിലാണ്. രണ്ടു ദശകത്തിലേറെയായി നിയമ നിർമ്മാണ സഭകളിലേക്കുള്ള വനിതാ സംവരണ ബിൽ സംബന്ധിച്ച് വഞ്ചനാപരമായ നിലപാടാണ് യു.പി.എ യും ബി.ജെ.പിയും സ്വീകരിച്ചു വരുന്നത്.

സ്ത്രീകളുടെ പൗരാവകാശങ്ങൾക്കു മേൽ കടുത്ത ഭീഷണികൾ ഉയരുന്ന ഈ കാലഘട്ടത്തിലും കേരളം തീർച്ചയായും രാജ്യത്തിനു തന്നെ മാതൃകയായി സ്ത്രീ പക്ഷ നയങ്ങളുമായി മുന്നേറുകയാണ്. ആരോഗ്യം, മാതൃ മരണ നിരക്ക്, ശിശുമരണ നിരക്ക്, ആയുർദൈർഘ്യം, തദ്ദേശഭരണ രംഗത്തെ സ്ത്രീ പങ്കാളിത്തം തുടങ്ങിയ കാര്യങ്ങളിൽ സ്ത്രീകൾക്ക് അനുകൂലമായ വികസന സൂചികകൾ കേരളത്തിനു നേടാനായത് നവോത്ഥാന പ്രസ്ഥാനങ്ങളും തുടർന്ന് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളും അവയുടെ ഭാഗമായി സ്ത്രീ അവകാശ സമര പ്രസ്ഥാനങ്ങളും നട ത്തിയ പോരാട്ടങ്ങളുടേയും ഇടതുപക്ഷ സർക്കാരുകൾ നടപ്പിലാക്കിയിട്ടുള്ള സാമൂഹ്യ ക്ഷേമ പദ്ധതികളുടെയും കൂടി ഭാഗമായിട്ടാണ്.

ഇടതു പക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ 2018-19 ലെ വാർഷിക ബജറ്റ് രാജ്യത്തിനു തന്നെ മാതൃകയാകുന്ന തരത്തിൽ സ്ത്രീപക്ഷ സമീപനം മുന്നോട്ടു വെയ്ക്കുന്നതാണ്. സംസ്ഥാന ബജറ്റിൽ സ്ത്രീകൾക്കായുള്ള പദ്ധതികളുടെ വിഹിതം 2017-18 ൽ 11.5% ആയിരുന്നത് 18-19 ൽ 14.6 ശതമാനമായി ഉയർന്നു. സ്വതന്ത്രമായ വനിതാ വികസന വകുപ്പ് രൂപീകരിച്ചു. കുടുംബശ്രീയെ ശക്തിപ്പെടുത്തുന്നതിനുള്ള നട പടികൾ സ്വീകരിച്ചു. പോലീസിലെ വനിതാ സാന്നിദ്ധ്യം ഉയർത്തിക്കൊണ്ടും പിങ്ക് പോലീസ് പോലെയുള്ള സുരക്ഷാ സംവിധാനങ്ങൾ നടപ്പാക്കിക്കൊണ്ടും സ്ത്രീകളും കുഞ്ഞുങ്ങളും നേരിടുന്ന അരക്ഷിതാവസ്ഥയ്ക്ക് ആശ്വാസം നൽകാനുള്ള നടപടികളും മുന്നോട്ടു വെച്ചിട്ടുണ്ട്. ജിഷ കേസ് മുതൽ സിനിമാ താരത്തെ ആക്രമിച്ച കേസിലടക്കം അന്വേഷണം ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോയ നടപടികൾ ഉൾപ്പെടെ സ്ത്രീ സുരക്ഷയ്ക്കായുള്ള സർക്കാർ നടപടികളിലൂടെ പൊതുസമൂഹത്തിൽ വലിയ അംഗീ കാരം നേടാനായിട്ടുണ്ട്. ഈ മേഖലയിൽ സർക്കാർ നടത്തിയ ഇടപെടലുകൾ ജനങ്ങ ളിൽ ആകമാനം പ്രചരിപ്പിക്കാനും കഴിയേണ്ടതുണ്ട്.

ഈ രംഗത്ത് നാം നേടിയ നേട്ടങ്ങൾ സംരക്ഷിച്ചു കൊണ്ടും നിലനിൽക്കുന്ന ദൗർബ്ബല്യങ്ങൾ തിരുത്തിക്കൊണ്ടും മുന്നോട്ടു പോകാനാകണം. പിഞ്ചു കുഞ്ഞുങ്ങൾ മുതൽ പ്രായമായ സ്ത്രീകൾ വരെ വീടുകൾക്കുള്ളിൽ ലൈംഗിക ആക്രമണങ്ങൾക്ക് ഇരകളാകുന്ന സംഭവങ്ങൾ പൂർണ്ണമായും ഇല്ലാതാക്കുന്ന തരത്തിൽ നമ്മുടെ സമൂ ഹത്തെ മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള ഇടപെടൽ ഉണ്ടാകണം. മനുഷ്യ സമൂഹ ത്തിന്റെ വികാസത്തിന് ഏറെ സഹായകമായി തീരുന്ന വാർത്താവിനിമയ സംവിധാന ങ്ങൾ ഉൾപ്പെടെ സ്ത്രീവിരുദ്ധമായ ആശയങ്ങളുടെ പ്രചരണത്തിനായി ഉപയോഗിക്ക പ്പെടുന്ന അവസ്ഥയ്ക്കെതിരെ ജാഗ്രത പുലർത്തേണ്ടതുമുണ്ട്. മുതലാളിത്ത താല്പര്യങ്ങൾക്ക് അനുസൃതമായി സ്ത്രീകളെ ഉപഭോഗ വസ്തുവായി കാണുന്ന പ്രവണത മാധ്യമങ്ങളിൽ വ്യാപകമായി പ്രചരിപ്പിക്കുന്ന സ്ഥിതിയും നിലനിൽക്കുന്നു ണ്ട്. ഇവയെ തിരിച്ചറിഞ്ഞ് തുറന്ന് കാട്ടാനും പ്രതിരോധിക്കാനും പറ്റുന്ന സ്ത്രീപക്ഷ സാംസ്കാരിക ബോധത്തിലേക്ക് സമൂഹത്തെ വളർത്തിയെടുക്കാനുള്ള ബോധപൂർവ്വ മായ ഇടപെടലുകൾ വർത്തമാന കേരളം ആവശ്യപ്പെടുന്നുണ്ട്.

വർദ്ധിക്കുന്ന നവ ഉദാരവത്കരണ ചൂഷണവും ജാതി-ജന്മി മേധാവിത്വവും പൗരരുടെ ദൈനംദിനജീവിതത്തെപോലും നിയന്ത്രിക്കാൻ ശ്രമിക്കുന്ന മത മൗലികവാദവും വലിയ ദുരിതമാണ് സൃഷ്ടിച്ചിരിക്കുന്നത്. വർഗ്ഗീയതയും ജാതീയ തയും പുരുഷാധിപത്യ മൂല്യബോധവും രാജ്യത്തെ സ്ത്രീ ജീവിതങ്ങൾക്ക് മേൽ അടിച്ചേൽപ്പിക്കുന്ന ദുരിതങ്ങളുടെ കാഠിന്യം തിരിച്ചറിഞ്ഞു കൊണ്ട് സ്ത്രീകളുടെ ജനാധിപത്യ അവകാശങ്ങൾ നേടിയെടുക്കുന്നതിനായി പോരാടുകയും സ്ത്രീകളെ

സമര സജ്ജരാക്കുകയും ചെയ്യേണ്ടത് ഗൗരവമുള്ള രാഷ്ട്രീയ കടമയാണ് എന്ന് തിരിച്ചറിയണം.

സ്ത്രീവിമോചനമെന്നത് സാമൂഹ്യ വിമോചനത്തിന്റെ അഭേദ്യഭാഗമാണെന്ന് തിരിച്ചറിഞ്ഞു കൊണ്ട് ഇടപെടാനാകണം. നവോത്ഥാനം മുന്നോട്ടുവെച്ച സ്ത്രീ വിമോചന മൂല്യങ്ങളിലെ ഗുണപരമായ പാരമ്പര്യങ്ങളെ മുറുകെപ്പിടിച്ചു കൊണ്ട് കൂടുതൽ ജനാധിപത്യപരമായ കാഴ്ച്ചപാടുകളോടെ മുന്നോട്ടുപോകാനാകണം.

നമ്മുടെ ജീവിതത്തിന്റെ നാനാതുറകളിൽ നിലനിൽക്കുന്ന സ്ത്രീ വിരുദ്ധതയെ ബോധപൂർവ്വം തിരുത്തിക്കൊണ്ട് ആരോഗ്യകരമായ സ്ത്രീ–പുരുഷ ബന്ധത്തിലൂടെ ജനാധിപത്യപരമായ ജീവിതക്രമം രൂപപ്പെടുത്തിയെടുക്കുകയെന്നത് വർത്തമാനകാലത്ത് നാം ഏറ്റെടുക്കേണ്ട പ്രധാന ചുമതലകളായി മാറുന്നുണ്ട്. സ്ത്രീകൾക്കും സ്വാതന്ത്ര്യവും സമത്വവും സുരക്ഷിതത്ത്വവുമുള്ള ഒരു സമൂഹമാക്കി കേരളത്തെ മാറ്റിയെടുക്കുന്നതിനുള്ള ബോധപൂർവ്വമായ ഇടപെടലുകൾ വികസിപ്പിച്ചെടുക്കാനാകണം. നവ ഉദാരവത്കരണവും വർഗ്ഗീയതയും വ്യാപിപ്പിച്ചു കൊണ്ട് രാജ്യത്തെ സ്ത്രീകൾക്കു മേൽ തീവ്രമായ ദുരിതങ്ങൾ അടിച്ചേൽപ്പിക്കുന്ന നയങ്ങൾക്കെതിരെ ജനങ്ങളുടെ ഒന്നാകെയുള്ള യോജിച്ച പോരാട്ടങ്ങൾ ഉയരണമെന്നും ഈ സമ്മേളനം ആവശ്യപ്പെടുന്നു.

* * *